# കേരള കാർഷിക സർവ്വകലാശാല


**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.**

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ:04872371931)


## പാലക്കാട്


**E mail: kauagmet@yahoo.co.in, cohagmet@kau.in**


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 05/16, ചൊവ്വാഴ്ച** **തീയ്യതി 26.01.2016**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 26.01.2016 | 27.01.2016 | 28.01.2016 | 29.01.2016 | 30.01.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C ) | 25 | 25 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 5 | 5 | 4 | 3 | 3 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 006 | 006 | 008 | 010 | 010 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 50 | 70 | 70 | 70 | 70 |

## വിളകളുടെ സ്ഥിതി:

പുഞ്ചകൃഷിക്ക് നിലം ഒരുക്കി പറിച്ചു നടാം. പുതിയ വാഴകൾ നട്ട് മൂന്നു മാസമാകുന്നു. തെങ്ങിനും കവുങ്ങിനും നന തുടരാം. കുരുമുളക്, തെങ്ങ് എന്നിവയിൽ പുതയിടൽ തുടരാം.

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | പുഞ്ചകൃഷി ചെയ്യാനുള്ള നിലങ്ങൾ ഉഴുതു ശരിയാക്കുക. 4-5 ഇല പ്രായത്തിൽ ഞാറ് പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഉണ്ടാകുകയില്ല. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം കൾച്ചർ എന്ന കണക്കിന് വെള്ളത്തിൽ കലക്കി സ്യൂഡോമോണാസ് ലായനി ഉണ്ടാക്കാം. |
| തെങ്ങ് | മണ്ഡരി | അന്തരീക്ഷ താപനില കൂടിയതിനാൽ മണ്ഡരിയുടെ ആക്രമണം കൂടാൻ സാധ്യതയുണ്ട്, ഇവയെ നിയന്ത്രിക്കുവാൻ 2% വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം മണ്ടയിലും ഇളം കുലകളിലും തളിക്കുക. |
| വാഴ | സിഗാടോക്ക | ആരംഭഘട്ടത്തിൽ തന്നെ 15 ഗ്രാം സ്യൂഡോമോണാസ് അല്ലെങ്കിൽ സാഫ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ | ഇലപ്പുള്ളിരോഗം (ചീര) | ഇലപ്പുള്ളിരോഗം നിയന്ത്രിക്കുന്നതിനായി വിളവെടുത്തതിനു ശേഷം ഇലയുടെ അടിഭാഗത്തും മുകൾഭാഗത്തും ഒരു പോലെ പതിയ്ക്കത്തക്ക രീതിയിൽ 15 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ തെളിഞ്ഞ ചാണകവെള്ളത്തിൽ ചേർത്ത് തളിക്കണം. കൂടാതെ ട്രൈക്കോഡെർമ ചാണകവുമായി കലർത്തി മണ്ണിൽ ഇട്ടു കൊടുക്കുക. രോഗബാധിത ഭാഗങ്ങൾ പിഴുത് കളയുക. |